# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **193**

**30-11-2015** ൽ മറുപടിയ്ക്ക്

## മാരിടൈം ബോർഡ് രൂപീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ :<br>ശ്രീ. ജോസഫ് വാഴയ്ക്കൻ :<br>ശ്രീ. ആർ സെൽവരാജ് : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മാരിടൈം ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; | (എ) തുറമുഖ വകുപ്പ്, കേരള മാരിടൈം സൊസൈറ്റി, കേരള സ്റ്റേറ്റ് മാരിടൈം ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനുള്ള ബിൽ 17-12-2014 ൽ നിയമസഭ പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്. എന്നാൽ കേന്ദ്രസർക്കാർ ചില വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ; | (ബി) ചെറുകിട തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനം, പരിപാലനം, പരിരക്ഷ തുടങ്ങിയ സംസ്ഥാന സർക്കാരിൽ ഇന്ത്യൻ തുറമുഖ ചട്ടങ്ങൾ മൂലം നിക്ഷിപ്തമായ കർത്തവ്യങ്ങൾ, കപ്പൽ മന്ത്രാലയത്തിന്റേയും കപ്പൽ ഗതാഗത വകുപ്പിന്റേയും മറ്റും നിയമങ്ങൾ നടപ്പിലാക്കൽ, വിവിധതരത്തിലുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ യോഗ്യത നിർണ്ണയിച്ച് പരിശീലനവും സർട്ടിഫിക്കറ്റും നൽകൽ, വാണിജ്യവും നിയമപരവുമായ ചുമതലകൾ നിർവ്വഹിക്കൽ |

എന്നിവ വിവിധ വകുപ്പുകളേയും സ്ഥാപനങ്ങളേയും ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പിലാക്കൽ എന്നിവയാണ് മാരിടൈം ബോർഡിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

ഉപരിതല ജലഗതാഗത മേഖലയിലെ വിവിധ വകുപ്പുകളുടെ ഏകോപനമില്ലാത്തതിനാൽ പല പദ്ധതികളും പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നുണ്ട്. മാരിടൈം ബോർഡ് നിലവിൽ വന്നാൽ ഈ മേഖലയിലെ എല്ലാ പദ്ധതികളുടേയും മേൽനോട്ടം ബോർഡിനായിരിക്കും. സംസ്ഥാനത്തെ തീരദേശ സുരക്ഷയും ഗൗരവമേറിയ കാര്യമാണ്. തുറമുഖങ്ങളിലെ പ്രവർത്തനങ്ങളും തീരദേശ സുരക്ഷയും ഏകോപിപ്പിച്ച് നടപ്പിലാക്കാൻ സംസ്ഥാന മാരിടൈം ബോർഡിന് സാധ്യമാകും. ഇതിനായി ഇന്ത്യൻ നേവി, തീരദേശ സംരക്ഷണ സേന തുടങ്ങിയവയുടെ പ്രാതിനിധ്യം മാരിടൈം ബോർഡിൽ ഉറപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| (സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ? | (സി) തുറമുഖ വകുപ്പ്, കേരള മാരിടൈം സൊസൈറ്റി, കേരള സ്റ്റേറ്റ് മാരിടൈം ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനുള്ള ബിൽ 17-12-2014 ൽ നിയമസഭ പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്. എന്നാൽ കേന്ദ്രസർക്കാർ ചില വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ